പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5846 27.10.2011 -ൽ മറുപടിയ്ക്ക്

## കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) | കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെപ്കോ)പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | പൗൾട്രിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പുതിയ കോഴ്സുകൾ നടത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; | ബി) | ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് പൗൾട്രിയുമായി ബന്ധപ്പെട്ട് നടത്താവുന്ന താഴെ പറയുന്ന രണ്ട് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.<br>ഡിപ്ളോമ ഇൻ മീറ്റ് ടെക്നോളജി - 1 വർഷ കാലാവധി<br>സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗ് - 6 മാസ കാലാവധി |
| സി) | അന്താരാഷ്ട്ര വിപണി ലക്ഷ്യമാക്കി സംസ്ഥാനത്ത് ഒരു ഹൈടെക് മാംസോത്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | അന്താരാഷ്ട്ര വിപണി ലക്ഷ്യമാക്കി ഇപ്പോൾ പേട്ടയിൽ പ്രവർത്തിച്ചു വരുന്ന ശാസ്ത്രീയ കോഴി മാംസോത്പാദന യൂണിറ്റിനു പുറമെ കൊച്ചിയിലും, കോഴിക്കോടും ഓരോ ശാസ്ത്രീയ മാംസ സംസ്ക്കരണ യൂണിറ്റുകൾ തുടങ്ങുവാൻ ആലോചനയുണ്ട്. കൂടാതെ അന്താരാഷ്ട്ര വിപണിയെ ലക്ഷ്യമാക്കി ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി ഐ.എസ്.ഒ 22000 സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

Seela

സെക്ഷൻ ഓഫീസർ

## അനുബന്ധം

കോഴി വളർത്തൽ മേഖലയിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി നിരവധി പദ്ധതികൾ കെപ്കോ നടപ്പാക്കി വരുന്നു. നടപ്പാക്കിയ പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. സംസ്ഥാനത്തെ ആദ്യ അത്യാധുനിക കോഴിത്തീറ്റ ഫാക്ടറിയുടെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ തൃശ്ശൂർ ജില്ലയിലെ മാളയിൽ ആരംഭിച്ചു.
2. കുരിയോട്ടുമലയിൽ ഹൈടെക് ലെയർ ബ്രീഡർ ഫാമിന്റെ ശിലാസ്ഥാപന കർമ്മം.
3. അത്യാധുനിക കേജ് സംവിധാനത്തിൽ 4000 മാതൃപിതൃ ശേഖരത്തെ വളർത്തി വിരിയിപ്പു മുട്ടയും, കോഴിക്കുഞ്ഞുങ്ങളും ഉത്പാദിപ്പിക്കാനായി മാള കുഴൂർ മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം.
4. കെപ്കോ ഗ്രാമം, ഗ്രാമം നിറയെ കോഴികൾ, സമഗ്രകോഴി വളർത്തൽ പദ്ധതി, കോഴി വളർത്തൽ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് ,വീട്ടമ്മയുടെ അരുമ കോഴികൾ എന്നീ പദ്ധതികൾ കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിച്ചു.
5. കെപ്കോ എ.സി. ചിക്കൻ റസ്റ്റോറന്റിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളിൽ തന്തൂരി വിഭവങ്ങൾ ഉൾപ്പെടുത്തി വിപുലീകരിച്ചു.
6. കെപ്കോ ഉത്പന്നങ്ങളുടെ വിപണന ഏജൻസികൾ കൂടുതൽ പ്രദേശങ്ങളിലേക്ക് (മെഡിക്കൽ കോളേജ്, ശ്രീകാര്യം, നാലാഞ്ചിറ) വ്യാപിപ്പിച്ചു.
7. മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിപണന കേന്ദ്രം പേട്ടയിലെ പൗൾട്രി കോംപ്ളെക്സിൽ ആരംഭിച്ചു.
8. കെപ്കോയുടെ ഒരു വിപണന കേന്ദ്രം കുടപ്പനക്കുന്നിൽ ആരംഭിച്ചു.
9. പേട്ടയിൽ പുതുതായി സ്ഥാപിച്ച ബയോഗ്യാസ് പ്ളാന്റിൽ നിന്നും ബയോഗ്യാസ് ഉത്പാദിപ്പിച്ച് എ.സി. ചിക്കൻ റസ്റ്റോറന്റിൽ പാചകം ചെയ്യുന്നതിനും സോളാർ വാട്ടർ ഹീറ്റർ മുഖേനയുള്ള ചൂടുവെള്ളം ഉപയോഗിച്ച് പാത്രങ്ങൾ ശുചീകരിക്കുന്നതിന്റെയും പ്രവർത്തനങ്ങൾ ആരംഭിച്ചു. എ.സി.ചിക്കൻ റസ്റ്റോറന്റുകൾ മറ്റു ജില്ലകളിലേക്കും പുതുതായി ആരംഭിക്കാനുള്ള പദ്ധതികൾ ആലോചനയിലുണ്ട്.
10. കെപ്കോയുടെ സഞ്ചരിക്കുന്ന മാംസ വിപണന കേന്ദ്രത്തിന്റെ പ്രവർത്തന മേഖല തിരുവനന്തപുരം കവടിയാർ, വഴുതക്കാട്, പൂജപ്പുര, ശാസ്തമംഗലം, പി.ടി.പി. നഗർ, വട്ടിയൂർക്കാവ് , വഞ്ചിയൂർ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു.

Seela

സെക്ഷൻ ഓഫീസർ